# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനിൽ അയ്യായിരം കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **PM Modi to lay foundation stone and dedicate multiple development projects worth about Rs 5000 cr in Rajasthan tomorrow.**

2. സിക്കിമിൽ മിന്നൽ പ്രളയത്തിൽ 23 സൈനികരെ കാണാതായി. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

   **23 army personnel reported missing after cloudburst triggers flash flood in Sikkim. Rescue operations are underway.**

3. ഹാൻചൗ ഏഷ്യൻ ഗെയിംസിൽ മെഡൽ നേട്ടം തുടർന്ന് ഇന്ത്യ. അമ്പെയ്ത്തിൽ സുരേഖ-ഓജസ് സഖ്യത്തിന് സ്വർണം.

   **India's medal hunt continues in Hangzhou Asian Games. Indian duo Jyoti Surekha Vennam and Ojas Deotale won gold for India in Archery.**

4. ഐസിസി ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം. ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും.

   **ICC Cricket World Cup will begin tomorrow.**
   **England will take on New Zealand in opening match.**

5. സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം; കേരളാ-ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.

   **Respite from heavy rainfall bring relief in Kerala; Fishing prohibition continues in Kerala-Lakshadweep coasts.**

=====================================

**HEADLINE-1**

**PM-RAJASTHAN – (INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനിലെ ജോധ്പൂർ സന്ദർശിക്കും. അയ്യായിരം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.

***വിശദാംശങ്ങളിലേക്ക്....***

***– (VOICE......)***

*രാജസ്ഥാനിലെ ആരോഗ്യ അടിസ്ഥാന സൗകര്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള 350 കോടി രൂപയുടെ സുപ്രധാന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തറക്കല്ലിടും. ജോധ്പൂരിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ 350 കിടക്കകളുള്ള ട്രോമ കെയർ സെന്റർ, ആയുഷ്മാൻ ഭാരത് മിഷന്റെ കീഴിലുള്ള ഏഴ് ക്രിട്ടിക്കൽ കെയർ ബ്ലോക്കുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജോധ്പൂർ വിമാനത്താവളത്തിൽ 480 കോടി രൂപ ചെലവിൽ നിർമിക്കുന്ന അത്യാധുനിക ടെർമിനലിനും പ്രധാനമന്ത്രി തറക്കല്ലിടും. ഐഐടി ജോധ്പൂർ കാമ്പസും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. രാജസ്ഥാൻ കേന്ദ്ര സർവകലാശാലയിലെ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ദേശീയപാതാ-125A -യിലെ ജോധ്പൂർ റിംഗ് റോഡിന്റെ കാർവാർ- ദാംഗിയവാസ് നാല് വരി പാത, ഏഴ് ബൈപാസ് നിർമ്മാണ പദ്ധതികൾ തുടങ്ങി വിവിധ റോഡ് വികസന പദ്ധതികൾക്കും പ്രധാനമന്ത്രി നാളെ*

*തുടക്കമിടും. 1475 കോടി രൂപ ചെലവിലാണ് പദ്ധതികൾ നിർമിച്ചിരിക്കുന്നത്. രാജസ്ഥാനിലെ രണ്ട് പുതിയ ട്രെയിൻ സർവീസുകളും പ്രധാനമന്ത്രി നാളെ ഫ്ലാഗ് ഓഫ് ചെയ്യും.*

***ന്യൂസ് ഡസ്ക്, ആകാശവാണി.***

=====================================

## HEADLINE-2

## SIKKIM CLOUD BURST

സിക്കിമിൽ, മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 23 സൈനികരെ കാണാതായി. ഒരാളെ രക്ഷപ്പെടുത്താനായതായി അധികൃതർ അറിയിച്ചു. സൈനിക വാഹനങ്ങളുൾപ്പെടെ കാണാതായിട്ടുണ്ട്. മേഘവിസ്ഫോടനത്തെ തുടർന്ന് ടീസ്റ്റാ നദിയിലുണ്ടായ മിന്നൽ പ്രളയം മംഗാൻ. ഗാംടോക്ക്, പാക്യോങ്ങ് ജില്ലകളിൽ കനത്ത നാശനഷ്ടമുണ്ടാക്കിയതായാണ് വിവരം. പാലങ്ങളും വീടുകളും ഒലിച്ചു പോയിട്ടുണ്ട്. മേഖലയിലെ ഗതാഗത, ടെലഫോൺ ബന്ധങ്ങൾ തടസ്സപ്പെട്ടതായായി അധികൃതർ അറിയിച്ചു. മേഖലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. സിക്കിം മുഖ്യമന്ത്രി പ്രേം സിങ് തമാംഗ് സിങ്താമിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

=====================================

## HEADLINE-3

## REV. ASIAN GAMES

ഹാൻചൗ ഏഷ്യൻ ഗെയിംസിൻറെ പതിനൊന്നാം ദിനത്തിൽ സ്വർണ നേട്ടവുമായി ഇന്ത്യ. അമ്പെയ്ത്ത് കോമ്പൗഡ് മിക്സ്ഡ് വിഭാഗത്തിൽ ഇന്ത്യയുടെ ജ്യോതി സുരേഖ- ഓജസ് ദേവ്താലെ സഖ്യം കൊറിയൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് സ്വർണം നേടിയത്. 35 കിലോമീറ്റർ മിക്സ്ഡ് റിലേ നടത്തത്തിൽ രാം ബാബു-

മഞ്ജു റാണി സഖ്യം വെങ്കലം നേടി. സ്ക്വാഷ് മിക്സ്ഡ് ഡബിൾസിൽ ഇന്ത്യയുടെ അനഹത് സിങ്ങ്- അഭയ് സിങ്ങ് സഖ്യം വെങ്കലം നേടി. സ്ക്വാഷ് മിക്സ്ഡ് ഡബിൾസിൽ ദിപിക പള്ളിക്കൽ-ഹരിന്ദർ പാൽ സിങ്ങ് സഖ്യം ഹോങ്കോങ്ങിനെ പരാജയപ്പെടുത്തി ഫൈനലിൽ പ്രവേശിച്ചു. വനിതകളുടെ **54-57** കിലോഗ്രാം ബോക്സിങ്ങിൽ പർവീൺ ഹൂഡ വെങ്കലം നേടി. ബാഡ്മിൻറൺ സിംഗിൾസിൽ പിവി സിന്ധുവും, എച്ച് എസ് പ്രണോയും ക്വാർട്ടറിൽ പ്രവേശിച്ചു. ജാവലിൻ ത്രോയിൽ ഏറെ പ്രതീക്ഷയുയർത്തി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മാറ്റുരയ്ക്കും. 75 കിലോഗ്രാം വനിതാ ബോക്സിങ്ങ് ഫൈനലിൽ ലവ്ലിന ബൊർഗോഹൈനും ഇന്ന് മത്സരത്തിനിറങ്ങും.

അത്ലറ്റിക്സിൽ, 4x400 മീറ്റർ റിലേയിൽ ഇന്ത്യയുടെ പുരുഷ വനിതാ ടീമുകളും 5000 മീറ്റർ ഓട്ടത്തിൽ അവിനാഷ് സാബ്ലെയും മെഡൽ പ്രതീക്ഷ പകരുന്നുണ്ട്. ഹോക്കി സെമിഫൈനലിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് കൊറിയയെ നേരിടും. ഏഷ്യൻ ഗെയിംസിൽ 16 സ്വർണവും, 26 വെള്ളിയും, 31 വെങ്കലവും ഉൾപ്പെടെ 73 മെഡലുകളാണ് ഇന്ത്യ ഇതുവരെ നേടിയത്. മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളാണ് ആദ്യ മൂന്ന് സ്ഥാനത്ത്.

=====================================

**PM-ASIAN GAMES**

ഏഷ്യൻ ഗെയിംസിലെ ഇന്ത്യൻ താരങ്ങളുടെ മികച്ച പ്രകടനത്തിൽ സന്തോഷം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഏഷ്യൻ ഗെയിംസിൽ ഇന്ത്യ എക്കാലത്തെയും മികച്ച വിധത്തിൽ തിളങ്ങുന്നതായി ശ്രീ മോദി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. രാജ്യത്തെ അത്‌ലറ്റുകളുടെ സമാനതകളില്ലാത്ത അർപ്പണ

ബോധത്തിന്റെയും ആത്മാർത്ഥതയുടെയും കായിക മനോഭാവത്തിന്റെയും തെളിവാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

========================================

**ANURAG-ASIAN GAMES**

ഏഷ്യൻ ഗെയിംസിൽ ഇന്ത്യ എക്കാലത്തെയും മികച്ച പ്രകടനമാണ് ഇത്തവണ കാഴ്ച വച്ചതെന്ന് കേന്ദ്ര കായിക മന്ത്രി അനുരാഗ് സിംഗ് താക്കൂർ. രാജ്യത്തെ പ്രതിഭാധനരായ കായികതാരങ്ങൾ ചരിത്രനേട്ടമാണ് സ്വന്തമാക്കിയിരിക്കുന്നതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

2018 ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഇന്ത്യ 70 മെഡലുകളായിരുന്നു സ്വന്തമാക്കിയത്.

ഈ നേട്ടം മറികടന്ന് ഇക്കുറി ഇന്ത്യ ഗെയിംസിൽ മെഡൽവേട്ട തുടരുകയാണ്. ഞായറാഴ്ചയാണ് ഏഷ്യൻ ഗെയിംസിന്റെ സമാപനം.

========================================

**HOME MINISTRY- NLFT ATTF**

നാഷണൽ ലിബറേഷൻ ഫ്രണ്ട് ഓഫ് ത്രിപുര, ഓൾ ത്രിപുര ടൈഗർ ഫോഴ്സ് എന്നിവയെയും, അനുബന്ധ വിഭാഗങ്ങളെയും കേന്ദ്ര സർക്കാർ യുഎപിഎ നിയമപ്രകാരം നിരോധിത സംഘടനകളായി പ്രഖ്യാപിച്ചു. അഞ്ചു വർഷത്തേക്കാണ് ആഭ്യന്തര മന്ത്രാലയം നിരോധനം ഏർപ്പെടുത്തിയത്. ഇരു സംഘടനകളുടെയും പ്രവർത്തനങ്ങൾ രാജ്യത്തിൻറെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും ഹാനികരമാണെന്ന് മന്ത്രാലയം വ്യക്തമാക്കി. ജനങ്ങൾക്കിടയിൽ ഭീകരതയും അക്രമവും പ്രചരിപ്പിക്കാൻ ഇവ ശ്രമിക്കുന്നതായും ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

========================================

## ASSAM GOVERNMENT

അസമിലെ അഞ്ച് തദ്ദേശീയ മുസ്ലിം വിഭാഗങ്ങൾക്കിടയിൽ സാമൂഹിക-സാമ്പത്തിക വിലയിരുത്തൽ നടത്താൻ സംസ്ഥാന സർക്കാർ തരുമാനിച്ചു. ഗൊരിയ, മൊരിയ, സയ്ദ്, ദേശി, ജൊൽഹ വിഭാഗങ്ങൾക്കിടയിൽ സർവേ നടത്താനാണ് തീരുമാനം. ഇതിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഈ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി ഉപയോഗപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ പറഞ്ഞു.

========================================

## PM SVANIDHI

വഴിയോര കച്ചവടക്കാർക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ പിഎംസ്വനിധി പദ്ധതി ചരിത്രപരമാകുന്നു. 50 ലക്ഷം തെരുവ് കച്ചവടക്കാർക്ക് സഹായം നൽകി വലിയ നാഴികക്കല്ലാണ് പദ്ധതി പിന്നിട്ടിരിക്കുന്നത്. കേന്ദ്ര ഭവന, നഗരകാര്യമന്ത്രാലയം നടപ്പാക്കുന്ന സ്വനിധി പദ്ധതിയിലൂടെ **8,600 കോടി** രൂപയുടെ **66 ലക്ഷം** വായ്പകളാണ് ഇതിനകം നൽകിയത്. വഴിയോര കച്ചവടക്കാർക്ക് **50,000** രൂപ വരെയാണ് പദ്ധതിയിലൂടെ ഈട് രഹിത വായ്പാ സഹായം നൽകുന്നത്.

========================================

## MAHA CM-NANDED

മഹാരാഷ്ട്ര നന്ദേഡിലെ സർക്കാർ ആശുപത്രിയിലെ കൂട്ട മരണം ഗൗരവമായി കാണുന്നതായി മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ. സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മന്ത്രിസഭാ യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആവശ്യത്തിന് മരുന്നുകളും, ഡോക്ടർമാരും ഉൾപ്പെടെ

മതിയായ ജീവനക്കാരും ആശുപത്രിയിൽ ഉണ്ടായിരുന്നു എന്നാണ് അധികൃതരിൽ നിന്ന് ലഭിച്ച പ്രാഥമിക വിവരമെന്നും ശ്രീ. ഷിൻഡെ പറഞ്ഞു. സംഭവം വളരെ ഗൗരവമുള്ളതാണെന്നും അന്വേഷണ സംഘത്തെ നന്ദേഡിലേക്ക് അയച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. മരുന്ന് ദൗർലഭ്യമാണ് കൂട്ടമരണത്തിലേക്ക് നയിച്ചതെന്നാണ് പ്രതിപക്ഷ ആരോപണം. മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് വിജയ് വഡേത്തിവാർ ഇന്ന് ആശുപത്രി സന്ദർശിക്കും.

=========================================

**TELANGANA ELECTION**

നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തെലങ്കാനയിലെത്തി. ഹൈദരാബാദിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ  ഇന്ന് വോട്ടർ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായുള്ള സൈക്ലത്തണും വാക്കത്തണും ഫ്ലാഗ് ഓഫ് ചെയ്യു. വിവിധ രാഷ്ട്രീയ കക്ഷികളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. ബിജെപി, ബിആർഎസ്, കോൺഗ്രസ്, എഎപി, സിപിഐഎം, ബിഎസ് പി, എംഐഎം തുടങ്ങിയ പാർട്ടികളുടെ പ്രതിനിധികളുമായി കമ്മീഷൻ ചർച്ച നടത്തി. ജില്ലാ കളക്ടർമാരുമായും പോലീസ് സൂപ്രണ്ടുമാരുമായും തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് കൂടിക്കാഴ്ച നടത്തും.

=========================================

## HEADLINE-5

## RAIN – HOLIDAY

കേരളത്തിൽ  മഴയ്ക്ക് ശമനം.  മഴമുന്നറിയിപ്പ് ഇല്ലാത്തതിനാൽ ഒരു ജില്ലകളിലും ജാഗ്രതാ നിർദ്ദേശമില്ല. തിരുവനന്തപുരത്ത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കോട്ടയത്ത് ഭാഗികമായും ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ കേരള, ലക്ഷദ്വീപ്

തീരങ്ങളിൽ  മീൻപിടുത്തത്തിന് വിലക്കുണ്ട്.

========================================

## HEADLINE-4

## WORLD CUP-CRICKET

ഐസിസി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം.  അഹമ്മദാബാദിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. ഇന്ത്യയുടെ ആദ്യമത്സരം ഞായറാഴ്ച ഓസ്ട്രേലിയയ്ക്കെതിരെ ചെന്നൈയിൽ നടക്കും.  ഒന്നരമാസം നീളുന്ന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾ ഇന്ത്യയിലെ 10 നഗരങ്ങളിലായാണ് സംഘടിപ്പിച്ചിരിക്കുന്നത്.

========================================

## SANTHOSH TROPHY

ഗോവയിൽ നടക്കുന്ന  സന്തോഷ് ട്രോഫി പ്രാഥമിക റൗണ്ട് മത്സരങ്ങൾക്കുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു.

നിജോ  ഗിൽബർട്ട് നായകനും ജി.സഞ്ജു ഉപനായകനുമാണ്. സതീവൻ ബാലനാണ് മുഖ്യ പരിശീലകൻ. 11 ന് ഗുജറാത്ത് ടീമുമായാണ് കേരളത്തിന്റെ ആദ്യമത്സരം. നിലവിൽ കാലിക്കറ്റ് സർവകലാശാല

സ്റ്റേഡിയത്തിലാണ് ടീം പരിശീലനം നടത്തുന്നത്. ഈ മാസം എട്ടിന് ടീം കോഴിക്കോട് നിന്ന് പുറപ്പെടും.

========================================

## US REPUBLICAN

അമേരിക്കൻ ജനപ്രതിനിധി സഭാ സ്പീക്കർ കെവിൻ മക് വർത്തിയെ വോട്ടിങ്ങിലൂടെ പുറത്താക്കുന്ന പ്രമേയത്തിന് സഭയുടെ അംഗീകാരം. 210 നെതിരെ 216 വോട്ടുകൾക്കാണ് പ്രമേയം സഭ പാസ്സാക്കിയത്. എട്ട് റിപ്പബ്ലിക്കൻ അംഗങ്ങളും, 208 ഡെമോക്രാറ്റുകളും പ്രമേയത്തെ അനുകൂലിച്ചു. റിപ്പബ്ലിക്കൻ നേതാക്കൾക്കിടയിൽ സ്റ്റോപ്ഗാപ് ഫണ്ടിങ്ങുമായി ബന്ധപ്പെട്ട് വന്ന അഭിപ്രായ വ്യത്യാസത്തെ തുടർന്നാണ് കെവിൻ മക് വർത്തിയെ പുറത്താക്കാനുള്ള നീക്കമുണ്ടായത്. ജോ ബൈഡന് അനുകൂലമായി സ്പീക്കർ പ്രവർത്തിക്കുന്നതായി ആരോപിച്ച് തീവ്ര വലത് റിപ്പബ്ലിക്കൻ പ്രതിനിധി മാറ്റ് ഗെയ്സാണ് പ്രമേയം കൊണ്ടുവന്നത്.

========================================

========================================

===============